**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 492** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കിയ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2016-ൽ ജിൻഡാൽ പവർ ലിമിറ്റഡ്, ജബുവ പവർ ലിമിറ്റഡ് എന്നീ കമ്പനികളുമായി 465 മെഗാവാട്ട് വൈദ്യുതി യൂണിറ്റിന് 4.29 രൂപ നിരക്കിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനായി ഒപ്പുവെച്ച ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ റദ്ദാക്കപ്പെടാൻ കാരണമായി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ചൂണ്ടിക്കാട്ടിയിരുന്ന നിയമലംഘനങ്ങളും നടപടിക്രമങ്ങളിലെ വീഴ്ചകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** താരതമ്യേനെ കുറഞ്ഞ നിരക്കിൽ ലഭിച്ചുവന്നിരുന്ന ജിൻഡാൽ പവർ ലിമിറ്റഡ്, ജാബുവ പവർ ലിമിറ്റഡ്, ജിൻഡാൽ ഇന്ത്യ തെർമൽ പവർ ലിമിറ്റഡ് എന്നീ കമ്പനികളുമായി ഉണ്ടാക്കിയ 465 മെഗാവാട്ട് DBFOO ദീർഘ കാല വൈദ്യുതി കരാർ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പ്രധാനമായും ടെൻഡർ നടപടി ക്രമങ്ങളിലെ വ്യതിയാനം ഉന്നയിച്ചാണ് 10.05.2023-ലെ ഉത്തരവ് പ്രകാരം റദ്ദാക്കിയത്. കൂടാതെ ആവശ്യമായ മുൻകൂർ അനുമതികളുടെ അഭാവം, തുടങ്ങിയവയും റെഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ദീർഘകാല കരാറുകൾ റദ്ദാക്കിയ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ ഹർജി നിലവിൽ ബഹു: സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

**(ബി)** കരാറുകൾ റദ്ദാക്കപ്പെട്ടതിനാൽ യൂണിറ്റിന് 4.29 രൂപ നിരക്കിൽ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി നഷ്ടമായതിലൂടെയും വേനൽക്കാലങ്ങളിൽ ഉൾപ്പെടെ ഉയർന്ന നിരക്കിൽ ഹ്രസ്വകാല കരാറുകളിലൂടെയും പവർ എക്സ്ചേഞ്ചിലൂടെയും വൈദ്യുതി വാങ്ങേണ്ടിവന്ന സാഹചര്യത്തിലും തുടർന്ന് നാളിതുവരെ കെ.എസ്.ഇ.ബി.ക്കും സംസ്ഥാനത്തിനും ഉണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** DBFOO കരാറുകൾ റദ്ദാക്കിയത് മാത്രം കൊണ്ടുണ്ടായ അധിക ബാധ്യത നിർണയിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ അതാത് സമയത്തെ വൈദ്യുതി ആവശ്യകത, കാലാവസ്ഥ, സംഭരണി-കളിലെ ജല ശേഖരം നിലവിലുള്ള വൈദ്യുതി സ്രോതസ്സുകളിൽ നിന്നുള്ള ലഭ്യത, വിപണിയിലെ വൈദ്യുതി വില തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ വിലയിരുത്തിയാണ് വിവിധ കാലയളവുകളിലായി ദീർഘകാല, ഇടക്കാല, ഹ്രസ്വകാല, കൈമാറ്റ കരാറുകളിൽ ഏർപ്പെടുന്നത് കൂടാതെ തത്സമയ ആവശ്യകത പവർ എക്സ്ചേഞ്ച് വഴിയുമാണ് നിറവേറ്റി വരുന്നത്. അതിനാൽ DBFOO കരാറുകളുടെ റദ്ദാക്കൽ മൂലമുള്ള ബാധ്യത മാത്രം വേർതിരിച്ച് കൃത്യമായി തിട്ടപ്പെടുത്താനാവില്ല.

**(സി)** പ്രസ്തുത കരാറുകൾ റദ്ദാക്കിയതിനെതിരെ കെ.എസ്.ഇ.ബി. അപ്പല്ലേറ്റ് ട്രിബ്യൂണലിലും സുപ്രീം കോടതിയിലും നടത്തിയ നിയമപോരാട്ടങ്ങൾക്കായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

**<u>മറുപടി:</u>** കരാറുകൾ റദ്ദാക്കിയത് ചോദ്യം ചെയ്തുകൊണ്ട് APTEL(അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി), സുപ്രീം കോടതി എന്നിവിടങ്ങളിൽ നടന്നുവരുന്ന നിയമ പോരാട്ടങ്ങൾക്കായി ഇതുവരെ അഭിഭാഷകർ സമർപ്പിച്ച ബില്ലുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് **84,55,605**/- രൂപ ചിലവായിട്ടുണ്ട്.

**(ഡി)** കരാറുകൾ നിയമപരമായി അസാധുവാണെന്ന് കണ്ടെത്തപ്പെട്ട സാഹചര്യത്തിൽ, ഇതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥരുടെയും ഭരണസമിതി അംഗങ്ങളുടെയും പങ്ക് പരിശോധിക്കുന്നതിനായി അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** കുറഞ്ഞ നിരക്കിൽ ലഭിച്ചുവന്നിരുന്ന 465 മെഗാവാട്ട് ദീർഘ കാല വൈദ്യുതി കരാർ നടപടിക്രമങ്ങളിലെ വ്യതിയാനം ഉന്നയിച്ചു സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ് റദ്ദാക്കിയത്. കരാറുകൾ റദ്ദാക്കിയ ഉത്തരവ് ചോദ്യം ചെയ്തു കൊണ്ടുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ ഹർജി നിലവിൽ ബഹു: സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ് . കരാറുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് പ്രാഥമിക തല അന്വേഷണം നടത്തുകയും അഴിമതി നിരോധന നിയമ പ്രകാരം കുറ്റകൃത്യം നടന്നതായി തെളിവ് ലഭിക്കാത്ത സാഹചര്യത്തിൽ വിശദ അന്വേഷണത്തിന് സാധ്യത ഇല്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട് . കൂടുതൽ നടപടികളുടെ ആവശ്യം ഉള്ളതായി കാണുന്നില്ല.

**(ഇ)** സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യതയും ദീർഘകാല നഷ്ടവും വരുത്തിവെച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി, വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കുറഞ്ഞ നിരക്കിൽ ലഭിച്ചുവന്നിരുന്ന 465 മെഗാവാട്ട് ദീർഘ കാല വൈദ്യുതി കരാർ നടപടിക്രമങ്ങളിലെ വ്യതിയാനം ഉന്നയിച്ചു സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ് റദ്ദാക്കിയത്. കരാറുകൾ റദ്ദാക്കിയ ഉത്തരവ് ചോദ്യം ചെയ്തു കൊണ്ടുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ ഹർജി നിലവിൽ ബഹു: സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ് . കരാറുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് പ്രാഥമിക തല അന്വേഷണം നടത്തുകയും അഴിമതി നിരോധന നിയമ പ്രകാരം കുറ്റകൃത്യം നടന്നതായി തെളിവ് ലഭിക്കാത്ത സാഹചര്യത്തിൽ വിശദ അന്വേഷണത്തിന് സാധ്യത ഇല്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട് . കൂടുതൽ നടപടികളുടെ ആവശ്യം ഉള്ളതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**